**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 429 — 6.2.2013 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.ഹൈബി ഈഡൻ: | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽവേ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് 2012 ജൂലായ് 12-ാം തീയതി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഇതേത്തുടർന്ന് സെപ്റ്റംബർ 11-ന് കേന്ദ്ര-കേരള സർക്കാരുകളുടെ തുല്യ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. പദ്ധതിയ്ക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണത്തിൽ ഡി.എം.ആർ.സി. യുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.<br>ഡി.എം.ആർ.സി.യുമായുള്ള കരാറിന്റെ കരട് രൂപം തയ്യാറാക്കുന്നതിന് മനേജിംഗ് ഡയറക്ടർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, ധനകാര്യവകുപ്പ് സെക്രട്ടറി, (കേരള സർക്കാർ), കേന്ദ്ര നഗരവികസനവകുപ്പ് ജോയിന്റ് സെക്രട്ടറി, |

| | | | |
|---|---|---|---|
| | | | ബംഗ്ലൂർ മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ എന്നിവർ അംഗങ്ങളായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഡയറക്ടർ ബോർഡ് ഒരു ഉപസമിതി രൂപീകരിച്ചിരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള'ടേംസ് ഓഫ് എൻഗേജ്മെന്റിനെ അടിസ്ഥാനമാക്കി കരാർ ഉണ്ടാക്കുകയാണ് ഉപസമിതിയുടെ കർത്തവ്യം. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) | പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്ന് ഓഹരി ഇനത്തിലും സബോർഡനേറ്റ് ഡെബ്റ്റ് ഇനത്തിലുമായി 1002.23 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതവും സബോർഡനേറ്റ് ഡെബ്റ്റും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക സഹായവും ചേർത്ത് 2009 കോടി രൂപയും ജപ്പാൻ ഇന്റർ നാഷണൽ കോ ഓപ്പറേഷൻ ഏജൻസിയിൽ നിന്ന് 2170 കോടി രൂപയുടെ വായ്പയുമാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും പരിഗണനയിലാണ്. |
| (സി) | പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 2011 ൽ ഡി.എം.ആർ.സി തയ്യാറാക്കി സമർപ്പിച്ച അന്തിമ രൂപരേഖയിൽ ചില ഭേദഗതികൾ വരുത്തി പുതിയ പദ്ധതി രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | റെയിൽപാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, എന്നിവയെക്കുറിച്ചുള്ള തീരുമാനമെടുത്തിട്ടുണ്ടോ; | (ഡി) | തീരുമാനമെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) | കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്(കെ.എം.ആർ.എൽ) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ നിർമ്മാണചുമതല ഡി.എം.ആർ.സി യ്ക്കാണ് |

സെക്ഷൻ ഓഫീസർ